തൊഴിൽ നഷ്ടപ്പെട്ടിട്ടില്ല. സർക്കാർ ഖജനാവിന് നഷ്ടവും സംഭവിച്ചിട്ടില്ല. പ്രത്യേക 7 ദിവസംകൊണ്ട് വളരെ വേഗത്തിൽ ലേലം സ്ഥരിപ്പെടുത്തുന്നതിനാൽ സർക്കാരിന് ലഭിക്കേണ്ടുന്ന കോടിക്കണക്കിന് രൂപയുടെ വരുമാനം വളരെപെട്ടെന്നുതന്നെ ഖജനാവിൽ എത്തുന്ന സ്ഥിതിവിശേഷമാണ് തടി വില്പനയ്ക്ക് വനം വകുപ്പ് ഇ-ലേലം നടപ്പിലാക്കിയതുകൊണ്ട് സംജാതമായിരിക്കുന്നത്. മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധന ആവശ്യമില്ല.

കണ്ടം ഓലപ്പാറ വലിയതോടിന് കുറുകെയുള്ള ചപ്പാത്ത് നിർമ്മാണം

260 (266) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ എം.എൽ.എ. നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2014-15 വർഷത്തിൽ തെന്മല ഗ്രാമപഞ്ചായത്തിൽ ചെറുകടവ് വാർഡിൽ തൊടിയിൽ കണ്ടം ഓലപ്പാറ വലിയതോടിന് കുറുകെ ചപ്പാത്ത് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം വനം വകുപ്പിന് ലഭിച്ച തീയതി എന്നാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത നിർദ്ദേശ പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് (സ്പെഷ്യൽ അഫോറസ്റ്റേഷൻ) ടി പ്രവൃത്തിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടത് എന്നാണ്; ആയതിനു 19-11-2014-ലെ FC2-47083/2014 നമ്പർ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ)നൽകിയ മറുപടി കത്തുകളുടെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 18-10-2014

(ബി) 28-10-2014-ന് ആയതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസർ നൽകിയ 19-11-2014-ലെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly